**കേരളസർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**
**ശാന്തി നഗർ, തിരുവനന്തപുരം– 695001**

**<u>വിജ്ഞാപനം</u>**
**<u>കീം 2022</u>**
**<u>ആയുർവേദ, ഫാർമസി കോഴ്സുകളിലേക്കുള്ള പ്രവേശനം–2022</u>**
**<u>താത്ക്കാലിക റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു.</u>**

2022 ലെ ആയുർവേദ (ബി.എ.എം.എസ്), ഫാർമസി (ബി.ഫാം) കോഴ്സുകളിലെ പ്രവേശനത്തിനുള്ള താത്ക്കാലിക റാങ്ക് ലിസ്റ്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. **'KEAM 2022–Candidate Portal' ലെ 'Provisional Rank List'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് വിദ്യാർത്ഥികൾക്ക് റാങ്ക് ലിസ്റ്റ് കാണാവുന്നതാണ്.

2022 ലെ മെഡിക്കൽ & മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളവരിൽ നീറ്റ് (യു.ജി) 2022 ഫലം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് നിശ്ചിത സയത്തിനകം സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികളെ ഉൾപ്പെടുത്തി പ്രോസ്പെക്ടസ് ക്ലോസ് 9.7.4(e) യിലെ വ്യവസ്ഥകൾ അനുസരിച്ചാണ് താത്ക്കാലിക ആയുർവേദ റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്.

2022 ലെ സംസ്ഥാന എഞ്ചിനീയറിംഗ്/ഫാർമസി പ്രവേശന പരീക്ഷയിലെ പേപ്പർ –I (ഫിസിക്സ് & കെമസ്ട്രി) ന്റെ മാർക്കിൽ നിന്നും പ്രോസ്പെക്ടസ് ക്ലോസ് 9.7.4 (f) പ്രകാരം കണക്കാക്കിയ ഇൻഡക്സ് മാർക്കിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്തെ ഫാർമസി (ബി.ഫാം) കോഴ്സ് പ്രവേശനത്തിനുള്ള റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്.

2022 വർഷത്തെ നീറ്റ് യു .ജി.ഇൻഫർമേഷൻ ബുള്ളറ്റിൻ പ്രകാരം താഴെപറയുന്ന യോഗ്യതാ മാനദണ്ഡങ്ങൾക്കനുസരിച്ചാണ് BAMS കോഴ്സിലേക്കുള്ള പ്രവേശനത്തിന് വിദ്യാർത്ഥികളെ പരിഗണിക്കുന്നത്.

1. ജനറൽ/ഇ.ഡബ്ല്യു.എസ് വിഭാഗക്കാർ നീറ്റ് യു.ജി. പരീക്ഷയിൽ 50 പെർസെന്റയിലിൽ കുറയാത്ത മാർക്ക് നേടിയിരിക്കണം.
2. എസ്.സി/എസ്.റ്റി/എസ്.ഇ.ബി.സി വിഭാഗക്കാർ 40 പെർസെൻറയിൽ നേടിയാൽ മതിയാകും.
3. ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ജനറൽ വിഭാഗക്കാർ 45 പെർസെൻറയിൽ നേടിയാൽ മതിയാകും.

4. ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട എസ് .സി/എസ്.റ്റി/എസ്.ഇ.ബി.സി വിഭാഗക്കാർ 40 പെർസെന്റയിൽ നേടിയാൽ മതിയാകും

റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന കാരണത്താൽ ഒരു വിദ്യാർത്ഥി പ്രവേശനത്തിന് അർഹനാകുന്നില്ല. പ്രൊഫഷണൽ ഡിഗ്രി പ്രവേശനത്തിന് പ്രോസ്പെക്ടസ് പ്രകാരമുള്ള യോഗ്യതാ മാനദണ്ഡങ്ങൾ ഓരോ വിദ്യാർത്ഥിയും തൃപ്തിപ്പെടുത്തേണ്ടതാണ്. വിദ്യാർത്ഥികൾ പ്രവേശന സമയത്ത് പ്രോസ്പെക്ടസ് ക്ലോസ് 6.2 പ്രകാരമുള്ള വിദ്യാഭ്യാസ യോഗ്യതകൾ നേടിയിരിക്കണം. ഇത് പ്രവേശന സമയത്ത് കോളേജ് അധികാരികൾ പരിശോധിക്കുന്നതാണ്. താത്ക്കാലിക റാങ്ക് ലിസ്റ്റ് സംബന്ധിച്ച് പരാതി ഉള്ള വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഇ-മെയിൽ (ceekinfo.cee@kerala.gov.in) മുഖേന 18.10..2022 ഉച്ചക്ക് 12.00 നകം അറിയിക്കേണ്ടതാണ്.

റാങ്ക് ലിസ്റ്റുകൾ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്കും അലോട്ട്മെന്റ് സംബന്ധിച്ച വിവരങ്ങൾക്കും വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ് സൈറ്റ് നിരന്തരം സന്ദർശിക്കേണ്ടതാണ്.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

Signature Not Verified
Digitally signed by INBASEKAR K IAS
Date: 2022.10.17 19:49:31 IST
Reason: Approved

തിരുവനന്തപുരം
**17/10/2022**

**പ്രവേശന പരീക്ഷാ കമ്മീഷണർ**